**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 295** **02-03-2023 - ൽ മറുപടിയ്ക്ക്**

**റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽ പാതകളുടെ വളവ് നിവർത്തി ബലപ്പെടുത്തിയും ആധുനിക സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തിയും ട്രെയിനുകളുടെ വേഗതയും വാഹകശേഷിയും വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ പ്രത്യേകം പദ്ധതികൾ ഇല്ലാത്തതും സംസ്ഥാനം നിർദേശിച്ച സിൽവർ ലൈനിന് അനുമതി വൈകുന്നതും സംസ്ഥാനത്തെ റെയിൽവേ വികസനം മരവിപ്പിക്കുമെന്ന ജനങ്ങളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ കേരളം മുൻഗണാടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്ന പല പദ്ധതികളും ഉൾപ്പെടാതെ പോയിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായും, ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തി വരാറുണ്ട്. കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈനും (അർദ്ധ അതിവേഗ റെയിൽ പാത) ചർച്ചകളിൽ പ്രധാന അജണ്ടയായിരുന്നു. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പദ്ധതി കേരള സർക്കാർ അംഗീകാരം നൽകിയ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും നിരന്തര ഇടപെടലിന്റെ ഫലമായും പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന ഉറപ്പിനെ തുടർന്നും പുനരുജ്ജീവിപ്പിച്ച ശബരിപാതയുടെ തുടർപ്രവർത്തനങ്ങൾക്കായി സംസ്ഥാനം | (ബി) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന സർക്കാരിന്റെ തീരുമാനത്തെത്തുടർന്ന് പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന അഭ്യർത്ഥിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ; | | കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന റെയിൽ വകുപ്പ് മന്ത്രി കത്തയച്ചിരുന്നു. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെടുകയുണ്ടായി. പിന്നീട് പദ്ധതിയുമായി ബന്ധപ്പെട്ട് 22.10.2021 ന് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി ശ്രീ. അശ്വനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 17.08.2022-ന് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി - ശബരി പദ്ധതി പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2023-24 ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 ആയി 100 കോടി വകയിരുത്തിയിട്ടുണ്ട്.<br><br>പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിഡാർ സർവ്വേ പൂർത്തിയാക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21.03.2022 നു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആറും എസ്റ്റിമേറ്റും സംബന്ധിച്ച കൂടുതൽ ചർച്ച ചെയ്യുന്നതിനായി 14.11.2022 ന് റെയിൽവേ ബോർഡ് ഗതി ശക്തി വിഭാഗം കെ.ആർ.ഡി.സി.എൽ അധികൃതരുമായി കൂടിക്കാഴ്ച നടത്തി. ആ യോഗത്തിൽ ഉയർന്ന നിർദേശങ്ങളനുസരിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് സോണൽ റെയിൽവേ വഴി റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ പരിശോധനയിലാണ്. |
| (സി) | സംസ്ഥാനത്ത് റെയിൽവേ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കാത്തത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - അമ്പലപ്പുഴ എന്നീ പദ്ധതികൾ കൂടി പൂർത്തീയാകുന്നതോടു കൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാക്ലേശം കുറക്കുവാൻ സാധിക്കുകയും ചെയ്യും.<br><br>സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ